## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3439** **26-06-2024 - ൽ മറുപടിയ്ക്ക്**

## കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനു വേണ്ടി നിലവിൽ എത്ര സ്ഥലമാണ് ഏറ്റെടുത്തു നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ (RESA) വികസനത്തിനായി 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | പുതിയ റൺവെ വികസനം കാരണം അടഞ്ഞു പോകുന്ന എയർപോർട്ട് ക്രോസ് റോഡിന് പകരം പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | വിമാനത്താവളത്തിന്റെ 'റെസ' വികസനത്തിനായി സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപ്പോർട്ട് ക്രോസ് റോഡിനു പകരം പുതിയ റോഡിന് സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 13.11.2023 തീയതിയിൽ സംയുക്ത സ്ഥപരിശോധന നടത്തിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ 8 മീറ്റർ വീതിയിൽ PWD റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് സഹിതം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 14/02/2024 തീയതിയിൽ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗ തീരുമാനപ്രകാരം 19.04.2024 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (റോഡ്സ്) സ്ഥലപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റിക്വസിഷൻ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. |
| (സി) | എയർപോർട്ടിന്റെ ഭാവി വികസനത്തിന് പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാകുമോ; | (സി) | 2047-ഓട് കൂടി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ (റൺവേ 2700 മീറ്ററിൽ നിന്നും 3770 മീറ്റർ വികസനം) എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാക്കി ചീഫ് സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ സാധ്യതയെക്കുറിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് എയർപ്പോർട്ട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. വിശദമായ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് തയ്യാറാക്കുന്നതിനായി എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ സാങ്കേതിക വിദഗ്ധർ, കോഴിക്കോട് എയർപ്പോർട്ട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ)-യുടെ കാര്യാലയത്തിലെ ജീവനക്കാർ എന്നിവരടങ്ങുന്ന സംഘത്തിന്റെ നേതൃത്വത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | എയർപോർട്ടിന് സ്ഥലം ഏറ്റെടുക്കുമ്പോൾ പരിസരപ്രദേശത്ത് ശേഷിക്കുന്ന വീടുകളിലേക്ക് വഴി നഷ്ടപ്പെടുത്തരുതെന്ന് വിദഗ്ധസംഘം തയ്യാറാക്കിയ റിപ്പോർട്ട് നിലനിൽക്കെ എയർപോർട്ട് അതോറിറ്റിക്ക് പതിച്ചു നൽകിയ സ്ഥലം മതിൽകെട്ടിയടച്ചതിനെ തുടർന്ന് കരിപ്പൂർ പാലക്ക പറമ്പ് ഭാഗത്ത് താമസിക്കുന്ന കളത്തിൽ സോമസുന്ദരൻ, കോട്ടപ്പറമ്പിൽ അബ്ദുറസാഖ് എന്നിവർക്ക് സ്വന്തം വീട്ടിലേക്ക് പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം അടിയന്തരമായി പരിഹാരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ഉണ്ട്. ടി സ്ഥലം എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് പെരിമീറ്റർ റോഡ്, വാച്ച് ടവർ എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമുള്ളതിനാൽ എയർപ്പോർട്ട് ഡയറക്ടർ ഫോറം 2 ൽ റിക്വിസിഷൻ നൽകിയിട്ടുണ്ട്. ടി നടപടി പൂർത്തിയാകുന്നതുവരെ ഇവരുടെ വഴിയും വൈദ്യുതിയും തടസ്സപ്പെടുത്തരുതെന്ന് ജില്ലാ കളക്ടർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | സ്ഥലം ഏറ്റെടുക്കുന്നതിന് 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പ് പ്രസ്തുത സ്ഥലമുടമകൾക്ക് വീട്, കെട്ടിടം എന്നിവ നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഇ) | RFCTLARR Act 2013 പ്രകാരം 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പ് സ്ഥലമുടമകൾക്ക് നിയമവിധേയമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭൂമി ഉപയോഗിക്കുന്നതിന് തടസ്സമില്ല. |
| (എഫ്) | ഭാവിയിൽ വികസനം വരും എന്ന കാരണത്താൽ എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. ഇല്ലാതെ പ്രദേശത്തു വീട് നിർമ്മിക്കുന്നതിന് പെർമിഷൻ നൽകരുതെന്ന് പ്രസ്തുത നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് തദ്ദേശസ്ഥാപനങ്ങളോട് റവന്യൂ വകുപ്പ് എതെങ്കിലും തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | ഇല്ല. |

സെക്ഷൻ ഓഫീസർ